**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 392** **08-08-2023 - ൽ മറുപടിയ്ക്ക്**

**വിദേശത്ത് ജനിച്ച കുട്ടികളുടെ ജനനം രജിസ്റ്റർ ചെയ്യുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തു നിന്ന് വിദേശത്ത് പോയവർ അവിടെ വച്ച് ജന്മം നൽകുന്ന കുട്ടികൾക്ക് അവർ തിരികെയെത്തുമ്പോൾ കുട്ടികളുടെ ജനനം സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യുവാൻ വ്യവസ്ഥകൾ നിലവിലുണ്ടോയെന്ന് വിശദമാക്കാമോ; | (എ) | 1969-ലെ ജനന മരണ രജിസ്ട്രേഷൻ ആക്ട് 20-ാം വകുപ്പ് പ്രകാരം വിദേശത്ത് വച്ച് നടന്ന ഇന്ത്യൻ പൗരന്മാരുടെ ജനനം രജിസ്റ്റർ ചെയ്യുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. വിദേശത്ത് നടന്ന എല്ലാ ജനനങ്ങളും മാതാപിതാക്കളുടെ ഇന്ത്യയിലെ താമസ സ്ഥലത്തെ രജിസ്ട്രേഷൻ യൂണിറ്റിൽ, കുട്ടിയുടെ ജനനം സംബന്ധിച്ച രേഖയോടൊപ്പം, തങ്ങൾ ഇന്ത്യയിൽ സ്ഥിര താസമാക്കാൻ ഉദ്ദേശിക്കുന്നു എന്ന സത്യവാങ്മൂലം 50 (അൻപത്) രൂപയിൽ കുറയാത്ത മുഖവിലയുള്ള മുദ്രപത്രത്തിൽ ഒപ്പിട്ട് മാതാപിതാക്കൾ ഹാജരാക്കുന്ന മുറയ്ക്ക് രജിസ്റ്റർ ചെയ്യാവുന്നതാണ്. |
| (ബി) | ഉണ്ടെങ്കിൽ അതിനായി എന്തെല്ലാം രേഖകളാണ് ഹാജരാകേണ്ടതെന്ന് അറിയിക്കാമോ? | (ബി) | 1969-ലെ ജനന മരണ രജിസ്ട്രേഷൻ ആക്ട് 20-ാം വകുപ്പ് പ്രകാരം വിദേശത്ത് വച്ച് നടന്ന ഇന്ത്യൻ പൗരന്മാരുടെ ജനനം രജിസ്റ്റർ ചെയ്യുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. വിദേശത്ത് നടന്ന എല്ലാ ജനനങ്ങളും മാതാപിതാക്കളുടെ ഇന്ത്യയിലെ താമസ സ്ഥലത്തെ രജിസ്ട്രേഷൻ യൂണിറ്റിൽ, കുട്ടിയുടെ ജനനം സംബന്ധിച്ച രേഖയോടൊപ്പം, തങ്ങൾ ഇന്ത്യയിൽ സ്ഥിര താസമാക്കാൻ ഉദ്ദേശിക്കുന്നു എന്ന സത്യവാങ്മൂലം 50 (അൻപത്) രൂപയിൽ കുറയാത്ത മുഖവിലയുള്ള മുദ്രപത്രത്തിൽ ഒപ്പിട്ട് മാതാപിതാക്കൾ ഹാജരാക്കുന്ന മുറയ്ക്ക് രജിസ്റ്റർ ചെയ്യാവുന്നതാണ്. |

സെക്ഷൻ ഓഫീസർ